# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

# ഒന്നാം സെമസ്റ്റർ പരീക്ഷ

07.10.2018 **മാർക്ക് - 50**

10.30AM-12.30PM **STD - IX** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

### A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക 1x 5=5

1. ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളാണ്.

   1. വിലാപങ്ങൾ 2. സങ്കീർത്തനങ്ങൾ 3. സുഭാഷിതങ്ങൾ

2. "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്. സ്വർഗത്തെ കൊണ്ട് ആണയിടരുത്–" (മത്തായി 5,34) കാരണം

   1. അത് അവിടുത്തെ പാദപീഠമാണ്

   2. അത് ദൈവത്തിന്റെ സിംഹാസനമാണ്

   3. അത് മഹാരാജാവിന്റെ നഗരമാണ്.

3. പുരോഹിതർ നീതി അണിയണം എന്ന് ഓർമ്മിപ്പിക്കുന്ന നീതിയുടെ വസ്ത്രം

   1. കാപ്പ 2. ഊറാറ 3. കൊത്തീന

4. കൊന്തയുടെ ഓരോ ദശകവും കഴിഞ്ഞു ചൊല്ലുന്ന 'ഓ എന്റെ ഈശോയെ' എന്ന പ്രാർത്ഥനയുടെ പേര്?

   1. മാതാവിനോടുള്ള ജപം

   2. ലൂർദ്ദ് മാതാവിനോടുള്ള ജപം

   3. ഫാത്തിമ സുകൃതജപം

5. 2018 മാർച്ച് 19നു ഫ്രാൻസീസ് മാർപ്പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനം.

   1. സുവിശേഷത്തിലെ സന്തോഷം

   2. ആനന്ദിച്ചാഹ്ലാദിക്കുവിൻ

   3. നവസുവിശേഷവൽക്കരണം

### B. പൂരിപ്പിക്കുക 1x 5=5

6. ദൈവം ഇസ്രായേലിനെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ചതു തന്നെ ഒരു———— ആകുവാൻ വേണ്ടി ആയിരുന്നു.

7. നിഷ്കാമക്കർമ്മങ്ങളുടെ പ്രതീകമായി ——— ഭാരതീയ ആചാര്യന്മാർ കണക്കാക്കിയിരുന്നു.

8. അരിമത്യാക്കാരൻ യൗസേപ്പും ———ചേർന്ന് അവിടുത്തെ മൃതശരീരം അടുത്തുണ്ടായിരുന്ന ഒരു കല്ലറയിൽ സംസ്കരിച്ചു.

9. ആരാധനാക്രമത്തിലെ ഓരോ തിരുക്കർമ്മവും പുരോഹിതനായ മിശിഹായുടേയും അവിടുത്തെ ശരീരമായ സഭയുടേയും പ്രവൃത്തിയാൽ ——ഉം ————ഉം ആണ്.

10. ശ്രദ്ധയോടും സ്നേഹത്തോടും കൂടി വചനം ശ്രവിക്കുകയും പഠിക്കുകയും ചെയ്യുന്നവർ——— ———

## C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക 2X6=12

11. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ എത്ര അനാഫൊറകൾ ഉണ്ട്? ഏതെല്ലാം?

12. ദൈവാരാധനയെക്കുറിച്ചുള്ള പ്രമാണരേഖയിലൂടെ വി. കുർബാനയെ കുറിച്ച് സഭ നമ്മെ പഠിപ്പിക്കുന്നത് എന്ത്?

13. ദൈവസന്നിധിയിൽ പ്രതികാരത്തിനായി ആവശ്യപ്പെടുന്ന പാപങ്ങൾ.

14. അനുരഞ്ജന കാറോസൂസ നമ്മെ അനുസ്മരിപ്പിക്കുന്നത് എന്തെല്ലം?

15. വചനം ഉദ്ധരിക്കുക - **ലൂക്ക 6,35** "എന്നാൽ, നിങ്ങൾ ശത്രുക്കളെ......."

16. ത്രൈശുദ്ധ കീർത്തനം നമുക്കു നൽകുന്ന അനുഭവം എന്താണ്?

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക. 4X2=8

17. അൾത്താരയിലെ ബലി അവിടെ അവസാനിക്കുന്നില്ല. അനുദിന ജീവിതത്തിലൂടെ അതു തുടരണം. എങ്ങനെ? വിശദമാക്കുക.

18. ദൈവവചനത്തിന്റെ പ്രാധാന്യവും ക്രൈസ്തവജീവിതത്തിൽ ദൈവവചനത്തിനുള്ള സ്ഥാനവും വ്യക്തമാക്കുക.

19. വിശുദ്ധ കുർബാനയിൽ സമാപന ശുശ്രൂഷയിലെ കർമ്മങ്ങളും പ്രാർത്ഥനകളും എന്തൊക്കെ എന്ന് വിവരിക്കുക.

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

20. വിശ്വാസ പരിശീലനം എന്നത് ജീവിതത്തിൽ പകർത്തപ്പെടേണ്ട ഒരു പ്രക്രിയയാണ്. അതുകൊണ്ട് 9 വർഷം വിശ്വാസ പരിശീലനം നടത്തിയ വ്യക്തി എന്ന നിലയ്ക്ക് ജീവിതവിജയത്തിന് ആവശ്യമായ എന്തൊക്കെ ദർശനങ്ങളാണ് നിങ്ങൾ സ്വന്തമാക്കിയിട്ടുള്ളത്? വിലയിരുത്തുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 32-33 15

# ഉത്തരസൂചിക ഒൻപതാം ക്ലാസ് ഒന്നാം സെമസ്റ്റർ

1. സങ്കീർത്തനങ്ങൾ L5, Page-41,2nd Paragraph
2. അത് ദൈവത്തിന്റെ സിംഹാസനമാണ് (Bible Mathew5:34)
3. കാപ്പ L3, Page-27
4. ഫാത്തിമ സുകൃതജപം Namaskarangal Page-18
5. ആനന്ദിച്ചാഹ്ലാദിക്കുവിൻ Sathyadheepam 2018 June 7-13
6. ആരാധനാസമൂഹം L1, Page-11, 3rd Paragraph
7. സസ്യജാലത്തെ Upappadam L1, Page-7
8. ഈശോയുടെ ബന്ധുക്കളും L6, Page-46,1st Paragraph
9. വിശുദ്ധവും അത്യുൽകൃഷ്ടവും L4, Page-34
10. നിത്യജീവന്റെ പാതയിലാണ് L8, Page-68, Last Paragraph

11. മൂന്ന് അനാഫൊറകൾ ഉണ്ട്. ഒന്നാം അനാഫൊറ ശ്ലീഹന്മാരുടെ അനാഫൊറയും രണ്ടാമത്തേത് തെയ്ദോറിൻറെ യും മൂന്നാം അനാഫൊറ നെസ്തോറിയസ്സിൻറെയുമാണ്. നാലു പ്രാർത്ഥന വൃത്തങ്ങളാണ് അനാഫൊറയിലുള്ളത് ഒരു പ്രാര്ഥനാവൃത്തത്തിൽ പ്രധാനമായും നാലു ഘടകങ്ങളുണ്ടായിരിക്കും. പ്രാർത്ഥനായാചന രഹസ്യപ്രാർത്ഥന, പ്രണാമജപം, സ്തുതിഗീതം ഇവയാണ് നാലു ഘടകങ്ങൾ (Lesson 6, Page 50)

12. കുരിശിൽ സ്വയാർപ്പണം ചെയ്ത ഈശോ തന്നെയാണ് വിശുദ്ധ കുർബാനയിൽ പുരോഹിത ശുശ്രൂഷയിലൂടെ അതെ അർപ്പണം നടത്തുന്നത്. അപ്പത്തിലും വീഞ്ഞിലും പ്രത്യേകവിധത്തിൽ അവിടുന്ന് സന്നിഹിതനാണ്. സ്വശക്തിയാൽ അവിടുന്ന് കൂദാശകളിൽ സന്നിഹിതനാകുന്നു (Lesson 4, 34)

13. നമസ്കാരങ്ങൾ No. 31
14. വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള അടുത്ത ഒരുക്കമാണ്. വിശുദ്ധ കുർബാന സ്വീകരണത്തിനായി എന്തൊക്കെ ചെയ്യണമെന്നും വിശുദ്ധകുർബാനയുടെ ഫലങ്ങൾ എന്തൊക്കെയാണെന്നും ഈ പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നു (Lesson 7, Page 58)

15. നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ തിരിച്ചുകിട്ടും എന്ന് പ്രതീക്ഷിക്കാതെ മറ്റുള്ളവർക്ക് നന്മചെയ്യുകയും വായ്പ കൊടുക്കുകയും ചെയ്യുവിൻ..........അവിടുന്ന് നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു. (ലൂക്ക 6 :35)

16. മാലാഖമാർ ദൈവത്തെ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് പാടി സ്തുതിക്കുന്ന ഏശയ്യായുടെ അനുഭവമാണ് നൽകുന്നത്. ദൈവത്തെ

സ്തുതിക്കാനുള്ള ശുശ്രൂഷിയുടെ ആഹ്വാനവും ആദ്യഭാഗത്തും പരിശുദ്ധനും ബലവാനും അമർത്യനുമായ ദൈവത്തെ ഏറ്റുപറഞ്ഞു കൃപ യാചിക്കുന്നതു രണ്ടാം ഭാഗത്തും കാണുന്നു (Lesson 5, Page 42)

17. ജീവിതത്തിൽ തുടരുന്ന വിശുദ്ധ കുർബ്ബാന (വിശദീകരണം പുസ്തകം കാണുക Lesson 4, Pages 35-36)
18. ദൈവവചനത്തിൻറെ പ്രാധാന്യം - നമ്മുടെ വിശ്വാസ ജീവിതത്തിൻറെ അടിസ്ഥാനമായ ദൈവീക വെളിപാടിൻറെ ഉറവിടമായി ദൈവവചനം നിലകൊള്ളുന്നു. --------ഈശോമിശിഹായിലൂടെയാണ് ഈ വെളിപെടുത്താൽ പൂർത്തിയായത്. ഈ വെളിപാടിൻറെ ചരിത്രം വിശുദ്ധ ഗ്രന്ഥം നമുക്കു വ്യക്തമാക്കിത്തരുന്നു---------നമ്മുടെ വിശ്വാസത്തിൻറെ കാതലായ ദൈവത്തിൻറെ ത്രിത്വ രഹസ്യം, --------നാം ആഘോഷിക്കുന്നതും (വിശദീകരണം പുസ്തകം കാണുക Lesson 8, Pages 63-64) നമ്മുടെ ജീവിതത്തിനു അടിസ്ഥാനമായി ദൈവവചനം നിലകൊള്ളുന്നു------ദൈവവചനം കേൾക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവരാണ് രക്ഷ പ്രാപിക്കുന്നത് ----വിശ്വാസത്തോടും സ്നേഹത്തോടും പ്രാർത്ഥനയോടും ദൈവവചനം ശ്രവിക്കുന്നവരിൽ ദൈവീക ജീവൻ കുടികൊള്ളും.-------ഏതു പ്രതിസന്ധികളെയും ധീരതയോടെ തരണം ചെയ്യാൻ സാധിക്കും ---------- (വിശദീകരണം പുസ്തകം കാണുക Lesson 8. Pages 64-65)

19. കൃതജ്ഞതാ പ്രാർത്ഥനകളാണ് സമാപനശുശ്രൂഷയുടെ പ്രധാന ഉള്ളടക്കം. സമാപനാശിർവ്വാദം, വിടവാങ്ങൽ പ്രാർത്ഥന, ബലിപീഠ ചുംബനം എന്നിവയാണ് ഇതര കർമ്മങ്ങളും പ്രാർത്ഥനകളും. അവിടുത്തെ രക്ഷാകര പ്രവൃത്തികളെ അനുസ്മരിച്ചും യുഗാന്ത്യരക്ഷക്കായി യാചിച്ചും കർത്താവ് വർഷിച്ച അനുഗ്രഹങ്ങളെ വിവരിച്ചും മിശിഹായ്ക്കു സ്തുതികളർപ്പിക്കുന്നു (വിശദീകരണം പുസ്തകം കാണുക Lesson 7, Page 60) പരിശുദ്ധാത്മാവിൻറെ കൃപയും ശക്തിയും അവിടുന്ന് നമ്മിൽ നിറച്ചു തരുന്നു. തുടർന്നുള്ള ജീവിതത്തിൽ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ദൈവവചനത്തിനു സാക്ഷികളാകാനുള്ള ആശീർവ്വാദമാണ് ഈശോ ഇതുവഴി നൽകുന്നത് (വിശദീകരണം പുസ്തകം കാണുക Lesson 7, Page 61) ബലിപീഠം ചുംബിക്കുന്നു (വിശദീകരണം പുസ്തകം കാണുക Lesson 7, Page 61)

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 — മാർക്ക് - 50

10.30 am - 12.30 pm — **STD - IX** — സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. 'കൂദാശ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം.
   1. വിശുദ്ധീകരിക്കുന്ന കർമ്മം 2. നവീകരിക്കുന്ന കർമ്മം
   3. അനുതാപ കർമ്മം
2. പരിശുദ്ധാരൂപിയുടെ ദാനങ്ങളിൽ പെടാത്തത് ഏത്?
   1. ആത്മസംയമനം 2. ആത്മശക്തി 3. ആലോചന
3. ബലിയർപ്പണത്തിന്റെ അവശ്യയോഗ്യതയാണ്.
   1. ഉപവാസം 2. കുമ്പസാരം 3. സ്നേഹം
4. വി. കുർബ്ബാനയിലെ നാലാം പ്രണാമജപവൃത്തം ആരംഭിക്കുന്നത്.
   1. കാർമ്മികന്റെ രഹസ്യ പ്രാർത്ഥനയോടെ 2. മദ്ധ്യസ്ഥ പ്രാർത്ഥനയോടെ
   3. കൃതജ്ഞതാപ്രാർത്ഥനയോടെ
5. മൗലിക സുകൃതങ്ങളിൽ പെടുന്നത് ഏത് ?
   1. ക്ഷമ 2. ഉപവി 3. നീതി

**B. പൂരിപ്പിക്കുക** **1x 5=5**

6. പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ദൈവത്തിന്റെ രക്ഷാകര സാന്നിദ്ധ്യത്തിന്റെ പ്രതീകം കൂടിയാണ്————
7. 'നിങ്ങളുടെ ——നിയമജ്ഞരുടെയും ഫരിസേയരുടെയും ——അതിശയിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലായെന്നു ഞാൻ നിങ്ങളോട് പറയുന്നു' (മത്തായി 5:20)
8. നാം അധിവസിക്കുന്ന ഭൂമി മനുഷ്യരായ നമ്മുടെ മാത്രമല്ല, എല്ലാ ജീവജാലങ്ങളുടെയും ————
9. യേശുവിന്റെ ബലിയിൽ പങ്കുപറ്റുകയും അവിടുത്തെ ശരീരം ഭക്ഷിക്കുകയും തിരുരക്തം പാനം ചെയ്യുകയും ചെയ്യുന്നവർ ————പ്രാപിക്കും.
10. സാമൂഹ്യവിരുദ്ധ ശക്തികളാൽ കർണാടകയിൽ കൊല ചെയ്യപ്പെട്ട പത്രപ്രവർത്തകയാണ്————

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **6x 2=12**

11. ഉത്ഥാനഗീതം എന്തെല്ലാമാണ് നമ്മെ അനുസ്മരിപ്പിക്കുന്നത്?
12. യഥാർത്ഥ ആരാധനയെന്താണ്? യേശു നമ്മെ പഠിപ്പിച്ചത് എങ്ങനെയാണ്?
13. ഭക്ഷ്യോൽപാദനത്തിലെ അധാർമ്മിക സമീപനങ്ങൾ എഴുതുക.
14. വചനമനുസരിച്ച് ജീവിക്കുന്ന മനുഷ്യനെ പാറമേൽ ഭവനം പണിത മനുഷ്യനോട് യേശു ഉപമിക്കുന്നത് എന്തുകൊണ്ടാണ്?
15. ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രമാണ് വി. കുർബ്ബാനയെന്ന് പറയുന്നതെന്തുകൊണ്ടാണ്?
16. പരിശുദ്ധാരൂപിക്ക് എതിരായ പാപങ്ങൾ എഴുതുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.**
**4x 2=8**

17. വചനം ജീവിത സ്പർശിയാകാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? നിങ്ങളെ സ്പർശിച്ച ഒരു ദൈവവചനം എഴുതുക.
18. അനുദിന ജീവിതത്തിൽ വി. കുർബ്ബാന തുടരേണ്ട രീതികൾ വിവരിക്കുക. നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ഏതെങ്കിലും ഒരു രീതി എഴുതുക.
19. കൂദാശകൾ കൃപാവരത്തിന്റെ ചാലുകൾ എന്നു പറയുന്നത് വിശദമാക്കുക. കൃപാവരത്തിന്റെ വ്യക്തിപരമായ അനുഭവം പങ്കുവയ്ക്കുക.

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **1x 5=5**

20. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പ്രകൃതിയെ മറന്നു ജീവിക്കുന്നതിന്റെ പരിണിത ഫലങ്ങളും വ്യക്തമാക്കുന്ന ഒരു ഉപന്യാസം തയ്യാറാക്കുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27 - 28 15

# ഒൻപതാം ക്ലാസ്സ് - ഉത്തരങ്ങൾ
# ഒന്നാം സെമസ്റ്റർ പരീക്ഷ - നവംബർ 05, 2017

**A.ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **(1x5)**

1. 9/72 (2nd Para) . വിശുദ്ധീകരിക്കുന്ന കർമ്മം
2. Namaskarangal page 15; no. 26 ആത്മസംയമനം
3. 5/39 (3rd Para) സ്നേഹം
4. 6/53 (3rd Para) മദ്ധ്യസ്ഥ പ്രാർത്ഥനയോടെ
5. Namaskarangal page 15; no. 23 നീതി.

**B. പൂരിപ്പിക്കുക.** **(1x5)**

6. 3/23 (2nd Para) ദൈവാലയം
7. മത്താ 5:20 നീതി, നീതിയെ
8. ഉപപാഠം Page-7 പൊതുഭവനമാണ്
9. 7/61 (3rd Para) രക്ഷാകരമായ ദൈവീക ജീവൻ
10. Sathyadeepam, 2017 Sept.14-20 ഗൗരി ലങ്കേഷ്

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **(2x6)**

11. 5/41 (3rd Para) ഈശോയുടെ മാമ്മോദീസാ; അവിടുത്തെ രണ്ടാമത്തെ മാമ്മോദീസായായ മരണവും ഉത്ഥാനവും; ഇവയിൽ നമ്മെ പങ്കുകാരാക്കുന്ന നമ്മുടെ മാമ്മോദീസ, നമുക്ക് ലഭിക്കാനിരിക്കുന്ന സ്വർഗ്ഗീയ മഹത്വം ഇവയെല്ലാമാണ്

12. 1/13 (2nd Para) മനുഷ്യനെ തേടിയെത്തുന്ന ദൈവത്തിന്റെ സ്നേഹത്തിനു നൽകുന്ന പ്രതിസ്നേഹമാണ് യഥാർത്ഥ ആരാധന. പിതാവിന്റെ ഹിതം പൂർണ്ണമായും നിറവേറ്റുവാൻ ഈശോ തന്നെ തന്നെ ബലിയായി അർപ്പിച്ചു. തന്റെ ബലിയിലൂടെ പിതാവിനോടുള്ള സ്നേഹം ഈശോ വെളിപ്പെടുത്തി. അങ്ങനെ പിതാവിന് ഏറ്റവും പ്രീതികരമായ ആരാധന അവിടുന്ന് അർപ്പിച്ചു.

13. ഉപപാഠം Page-25 കച്ചവടതാൽപര്യങ്ങൾ, രാസവളങ്ങളുടെ ഉപയോഗം, താറാവ്, കോഴി തീറ്റയിൽ ഹോർമോണുകളും രാസ പദാർത്ഥങ്ങളും, ആന്റിബയോട്ടിക്കും ചേർക്കുന്നു. കീടനാശിനികളുടെ ഉപയോഗം, ഭക്ഷണം കേടുകൂടാതിരിക്കാൻ അതീവ ദോഷകരമായ രാസ വസ്തുക്കൾ ചേർക്കുന്നു.

14. 8/65 (2nd Para) ഏതു പ്രതിസന്ധികളെയും ധീരതയോടെ തരണം ചെയ്യാൻ സാധിക്കും. അവന്റെ ജീവിതത്തിന്റെ ബലവും പ്രകാശവും കോട്ടയും കർത്താവാണെന്ന ബോധ്യം അവനിൽ ആഴപ്പെടുന്നു. പ്രതികൂല സാഹചര്യങ്ങളിൽ ദൈവത്തിന്റെ വചനം ശക്തിയും പ്രചോദനവും പകരും.

15. 4/34-35 (2nd Para) വിശുദ്ധ കുർബ്ബാനയിൽ നിന്നു ഒരു ഉറവയിൽ നിന്നെന്നപോലെ കൃപാവരം നമ്മിലേക്ക് പ്രവഹിക്കുന്നു. സ്വയം ദാനമായി നൽകുന്ന സ്നേഹത്തിന്റെ സന്ദേശം തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രഘോഷിച്ച ഈശോയുടെ ജീവിതത്തിന്റെയും അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും

മഹനീയവും ഭയഭക്തിജനകവും പരിശുദ്ധവും ജീവദായകവും ദൈവീകവുമായ രഹസ്യങ്ങൾ സന്തോഷത്തോടെ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയുമാണ് വിശുദ്ധ കുർബ്ബാനയിൽ ചെയ്യുന്നത്

16. Namaskarangal page 16, no. 28.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക.** (4x**2**)

17. 8/68 ദൈവവചനം നിത്യജീവൻ നൽകുന്നു. അനുദിനം ദൈവവചനം വായിക്കുകയും അതിനനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യുന്നവർ ദൈവീക ജീവനിൽ വസിക്കും. പ്രാർത്ഥനാ പൂർവ്വം ദൈവവചനം വായിക്കണം, അതുവഴി ഈശോ വ്യക്തിപരമായി നല്കുന്ന സന്ദേശമെന്തെന്നു മനസ്സിലാക്കണം. ദൈവവചനത്തിലൂടെ വെളിവാക്കപ്പെടുന്ന നമ്മിലെ കുറവുകൾ പരിഹരിക്കാനും തെറ്റുകൾ തിരുത്താനും നന്മകൾ ചെയ്യാനും തയ്യാറാകണം. വചനത്തിന് സ്വന്തമായ വ്യാഖ്യാനം നല്കാതെ സഭ ആധികാരികമായി നല്കുന്ന വ്യാഖ്യാനമാണ് നാം സ്വീകരിക്കേണ്ടത്. ദൈവഹിതം മനസ്സിലാക്കണമെന്ന ദാഹത്തോടവേണം വചനം വായിക്കാൻ.

18. 4/35-36 ഈശോ തന്നെതന്നെ നമുക്ക് മുറിച്ച് തന്ന് ജീവന്റെ അപ്പമായി തീർന്നതുപോലെ കർമ്മ വേദിയിൽ മറ്റുള്ളവർക്കായി നമ്മെ തന്നെ നല്കികൊണ്ട് നാം അവർക്ക് ജീവൻ നൽകണം. "നിങ്ങൾ ഇതെന്റെ ഓർമ്മക്കായി ചെയ്യുവിൻ" എന്ന ഈശോയുടെ കല്പന നമ്മുടെ ജീവിതത്തിൽ നല്കേണ്ട മുറിച്ചു നൽകലിനെയും സൂചിപ്പിക്കുന്നുണ്ട്. മറ്റുള്ളവരെ ശുശ്രൂഷിക്കാൻ, പ്രത്യേകിച്ച് തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവരെയും വൃദ്ധരെയും രോഗികളെയുമെല്ലാം ശുശ്രൂഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മദർതെരേസ ബലി ജീവിതം തുടരുകയായിരുന്നു. മറ്റുള്ളവർക്കുവേണ്ടി അപ്പമായി തീരുന്ന അനേകം മനുഷ്യസ്നേഹികളെ കാണാനാവും. പരസഹായം ആവശ്യമുള്ളവരെ രോഗികളെയും വൃദ്ധരെയും സ്നേഹപൂർവ്വം പരിഗണിക്കുമ്പോഴും സഹപാഠികളെ പാഠങ്ങൾ പഠിക്കാൻ സഹായിക്കുമ്പോഴും വേദനിക്കുന്നവരെ ആശ്വസിപ്പിക്കുമ്പോഴും പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുമ്പോഴും മാതാപിതാക്കളെ അനുസരിക്കുമ്പോഴും അനുദിന കടമകൾ വിശ്വസ്തതയോടെ നിറവേറ്റുമ്പോഴെല്ലാം നമ്മുടെ ബലി ജീവിതം നാം തുടരുകയാണ്. അപ്പമായി തീരുകയാണ്.

19. 9/72 ഈശോ സമരിയാക്കാരി സ്ത്രീയോടു പറഞ്ഞു - എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും. ഈശോയാകുന്ന ഉറവിടത്തിൽ നിന്നുമാണ് കൂദാശകളാകുന്ന നീർച്ചാലുകൾ നമ്മിലേക്ക് ഒഴുകുന്നത്. ഈശോയിലൂടെ വെളിവാകുന്ന ദൈവരാജ്യത്തിന്റെ അനുഭവമാണ് കൃപാവരം. ഈശോ തന്നെയാണ് കൃപാവരം. തന്റെ ശൂന്യവൽക്കരണത്തിലൂടെ ഈശോ നേടിത്തന്നെ രക്ഷയാണ് കൃപ. ദൈവമക്കളാകാനുള്ള തന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ ദൈവം നല്കുന്ന ആനുകൂല്യവും സൗജന്യവുമായ സഹായമാണ് കൃപാവരം. ദൈവത്തിന്റെ സൗജന്യ ദാനമായ ഈ കൃപ കൂദാശകളിലൂടെ നമുക്കു ലഭിക്കുന്നു. അതുകൊണ്ടാണ് കൂദാശകൾ കൃപാവരത്തിന്റെ ചാലുകൾ എന്നു പറയുന്നത്.

E. **രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **(5x1)**

20.

21. ഇന്റേണൽ അസ്സസ്സ്മെന്റ് (10+5=15)

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** | മാർക്ക് – 50
**10.30 am - 12.30 pm** | **STD - IX** | സമയം – 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x4=4**

1. പൗരോഹിത്യ അധികാരത്തേയും പരിശുദ്ധിയേയും സൂചിപ്പിക്കുന്ന തിരുവസ്ത്രം.
2. 'ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗതരുടെ വേദപാരംഗതനും' എന്നു പറയുന്നത് ആരെ?
3. സീറോ മലബാർ സഭയിൽ ഏറ്റവും ഒടുവിൽ സ്ഥാപിതമായ രൂപത?
4. ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് അവിടുന്നു കാണിക്കുന്ന കാരുണ്യം. ഏത് സങ്കീർത്തനത്തിൽ നിന്ന്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x4=4**


5. ആരാണ് യഥാർത്ഥ ശിഷ്യൻ?
(ഗുരുവിനെ ബഹുമാനിക്കുന്നവൻ, വചനം പഠിക്കുന്നവൻ, ഗുരുവിന്റെ ഹിതം അനുസരിക്കുന്നവൻ)
6. കരയ്ക്കിറങ്ങിയപ്പോൾ കണ്ട ജനക്കൂട്ടത്തോട് യേശുവിനു തോന്നിയ വികാരം.
(സന്തോഷം, അനുകമ്പ, വാത്സല്യം)
7. അന്ധകാരം നിറഞ്ഞിരിക്കുന്ന ആഴ്സിൽ വെള്ളിവെളിച്ചം പ്രസരിപ്പിക്കുവാൻ വിയാനിയച്ചൻ ഉപയോഗിച്ച ഉപാധികൾ
(കുമ്പസാരവും പ്രസംഗവും, കുമ്പസാരവും ജപമാലയും, കുമ്പസാരവും ദിവ്യബലിയും)
8. കെ.സി.ബി.സി പ്രസിഡണ്ട്.
(മാർ ജോർജ് ആലഞ്ചേരി, മാർ ബെസേലിയോസ് ക്ലീമീസ്, മാർ ഫ്രാൻസിസ് കല്ലറയ്ക്കൽ)

**ദൈവവചനം എഴുതുക** **1½x2=3**

9. 1 കോറിന്തോസ് 11:27 – ആരെങ്കിലും അയോഗ്യതയോടെ........
10. സങ്കീർത്തനം : 103:8 – 'കർത്താവ് ആർദ്രഹൃദയനും....


**ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2x1=2**

11. ലിറ്റർജി (ദൈവാരാധന) എന്നാൽ എന്ത്? ഓരോ ക്രൈസ്തവനും ദൈവത്തിന് യഥാർത്ഥ ആരാധന അർപ്പിക്കുന്നത് എങ്ങനെ?
12. വിശുദ്ധ കുർബാനയിലെ സമാപന ശുശ്രൂഷയുടെ കർമ്മങ്ങളും പ്രാർത്ഥനകളും എഴുതി പദചക്രം പൂർത്തിയാക്കുക.



**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2x1=2**

13. വി. ജോൺ മരിയ വിയാനിയുടെ ജീവിതത്തിലെ അവിസ്മരണീയ സംഭവങ്ങളും അവയുടെ തിയതികളും രേഖപ്പെടുത്തി ഫ്ളോചാർട്ട് പൂർത്തിയാക്കാമോ?




14. വി. അഗസ്റ്റിൻ നമുക്കു നൽകുന്ന സന്ദേശം, അഗസ്റ്റിന്റെ മൊഴിമുത്തുകൾ (രണ്ടെണ്ണം), അദ്ദേഹത്തിന്റെ പുണ്യവചനം എന്നിവ എഴുതുക.

**നമസ്ക്കാരങ്ങൾ** **2x2=4**

15. സാധാരണ ത്രിസന്ധ്യാജപം എഴുതുക.
16. പരിശുദ്ധരാജ്ഞി എന്ന ജപം എഴുതുക.

**ഒരു പേജിൽ കവിയാതെ എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **3x2=6**

(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തെഴുതുക.)

17. കൂദാശകളിൽ ഈശോയുടെ സാന്നിധ്യമുണ്ട് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? സഭാപഠനങ്ങളും ആരാധനാക്രമവും നൽകുന്ന വിശദീകരണത്തോടൊപ്പം നിങ്ങളുടെ അനുഭവവും ചേർത്തെഴുതുക.
18. ദൈവാരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം എന്തെന്ന് വിശദമാക്കുക. സീറോ മലബാർ സഭയിലെ ആരാധനാക്രമത്തിൽ ഉപയോഗിച്ചിരിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും സജീവമായ ഒരു വിശുദ്ധബലി അർപ്പണത്തിന് നിങ്ങളെ സഹായിക്കുന്നത് എങ്ങനെ?
19. അനാഫൊറയെ (കൂദാശകർമ്മം) കുറിച്ച് നിങ്ങൾക്ക് എന്തെല്ലാം അറിയാം? എന്തുകൊണ്ടാണ് അനാഫൊറ വിശുദ്ധകുർബാനയുടെ കേന്ദ്രഭാഗമാകുന്നത്?

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. വി. കുർബാന ബലിയും വിരുന്നും, മിശിഹാസംഭവത്തിന്റെ ആഘോഷവും, സഭാസമൂഹത്തിന്റെ പ്രാർത്ഥനയും, ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രവും, ജീവിതത്തിന്റെ തുടർച്ചയുമാണ്. പാഠം 4 ആസ്പദമാക്കി ഉപന്യസിക്കുക.
21. അനുദിന ജീവിതത്തിനാവശ്യമായ വചനം ഓരോ ബലിയിലും ഈശോ തന്നെ നമ്മോടരുളുന്നു. നിങ്ങളുടെ ജീവിതം ദൈവവചനത്താൽ പ്രകാശിതമാകാൻ വചനം ശ്രവിക്കുകയും അതു സാക്ഷ്യജീവിതമായി പകർത്തുകയും ചെയ്യുന്നത് എങ്ങനെ എന്ന് 'വിശുദ്ധ കുർബാന ആമുഖ ശുശ്രൂഷയും വചനശുശ്രൂഷയും എന്ന പാഠത്തിലൂടെ വിവരിക്കുക.

**പൊതുചോദ്യം (രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

22. ദൈവത്തിന്റെ കരുണ സ്വന്തമാക്കാനുള്ള ആദ്യത്തെ കവാടമാണ് കുമ്പസാരമെന്ന് ഫ്രാൻസീസ് മാർപ്പാപ്പ. ദൈവത്തോടും, തന്നോടു തന്നേയും, സഹോദരങ്ങളോടും അനുരഞ്ജനപ്പെടാനുള്ള വിശുദ്ധിവേദിയാണ് കുമ്പസാരക്കൂട്. വേണ്ടത്ര യോഗ്യതയോടും ഭക്തിയോടും ഫലപ്രദമായും കുമ്പസാരിക്കാൻ നമ്മൾ നടത്തേണ്ട ഒരുക്കങ്ങൾ എന്തെല്ലാം? വിവരിക്കുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**06 - 11 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

## STD - IX

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x4=4**

1. ഊറാറ - 3/27
2. വി. അഗസ്റ്റിൻ - വിശുദ്ധരെ അറിയാൻ - പേജ് 12
3. ബ്രിട്ടനിലെ പ്രസ്റ്റൺ - സത്യദീപം - സെപ്തംബർ 15-21/2016
4. സങ്കീർത്തനം 103

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **1x4=4**

5. ഗുരുവിന്റെ ഹിതം അനുസരിക്കുന്നവൻ - 8/65
6. അനുകമ്പ - മത്തായി 14:14
7. കുമ്പസാരവും പ്രസംഗവും - വിശുദ്ധരെ അറിയാൻ - പേജ് 20
8. മാർ ബെസേലിയോസ് ക്ലീമീസ് - സത്യദീപം-2016 ആഗസ്റ്റ് 11-17/2016

**ദൈവവചനം എഴുതുക** **1½x2=3**

9. 4/37 : 1 കോറിന്തോസ് 11:27. ''ആരെങ്കിലും അയോഗ്യതയോടെ....
10. സങ്കീർത്തനം 103/8. ''കർത്താവ് ആർദ്രഹൃദയനും....

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2x1=2**

11. 1/15
12. 7/60

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2x1=2**

13. വിശുദ്ധരെ അറിയാൻ - പേജ് 13-24
    തിരുപ്പട്ടം - 1815 ആഗസ്റ്റ് 13 / 1815 സെപ്തംബർ 13
    മരണം - 1859 ആഗസ്റ്റ് 4 **2x2=4**
    വിശുദ്ധനായി പ്രഖ്യാപനം - 1925 മെയ് 31
    വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപനം - 1905 ജനുവരി 8

14. വിശുദ്ധരെ അറിയാൻ - പേജ് 13, 14 **3x2=6**

**നമസ്ക്കാരങ്ങൾ**

15. നമസ്ക്കാരങ്ങൾ - പേജ് 7
16. നമസ്ക്കാരങ്ങൾ - പേജ് 9

**5x1=5**

**ഒരു പേജിൽ കവിയാതെ എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)**

17. 9/73
18. 2/21-22
19. 6/50, 54

**5**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)**

20. 4/32-36

21. 5/42-44

**പൊതുചോദ്യം (രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക)**

23. **ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചന ദീപം പേജ് 25 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഇന്റേണൽ അസ്സെസ്സ്മെന്റ് 15 ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**01 - 11 - 2015** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

## STD - IX

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. ദൈവാരാധനയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളം ഏത്?
2. 'ബേസ്ഗസ' എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. ജെറുസലെമിൽ ജീവിച്ചിരുന്ന നീതിമാനും ദൈവഭക്തനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനുമായ വ്യക്തി ആര്?
4. അഗസ്റ്റിന്റെ ജീവിതത്തിൽ പരിവർത്തനം വരുത്തിയ വ്യക്തി?
5. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള സഭയുടെ പ്രഥമ ചാക്രിക ലേഖനം?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**


6. ''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്, ദഹനബലികളല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം.'' ആരുടെ പ്രവചനം?
   (ഏശയ്യ, ഹോസിയ, ജെറമിയ)
7. സഖറിയാ ആരുടെ ഗണത്തിൽപ്പെട്ട പുരോഹിതനായിരുന്നു?
   (ദാവീദിന്റെ, അബിയായുടെ, അബ്രാഹത്തിന്റെ)
8. വൈദികരുടെ സ്വർഗീയ മദ്ധ്യസ്ഥൻ
   (വി. അഗസ്റ്റിൻ, വി. ചാൾസ് ബൊറോമിയ, വി. ജോൺ വിയാനി)
9. കത്തോലിക്കാ സഭയിലെ പ്രഥമ വേദപാരംഗത?
   (വി. അമ്മത്രേസ്യാ, വി. കൊച്ചുത്രേസ്യാ, വി. അൽഫോൻസാമ്മ)

**ദൈവവചനം എഴുതുക** **3**

10. 1 കൊറി. 11:27. ''ആരെങ്കിലും അയോഗ്യതയോടെ..........................
11. ലൂക്കാ 6:45. ''നല്ല മനുഷ്യൻ....................

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

12. വചനശ്രവണത്തെപ്പറ്റി സഭാപിതാക്കന്മാർ പറയുന്നതെന്തെന്ന് പേരെഴുതി ഉദ്ധരിക്കുക.
13. 'ഗ്ഹാന്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം എന്ത്? ഒരു പ്രാർത്ഥനാവൃത്തത്തിലെ 4 ഘടകങ്ങൾ, സുറിയാനി പദം ഉൾപ്പെടെ എഴുതി പദസൂര്യൻ നിർമ്മിക്കുക.



**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

14. വി. അഗസ്റ്റിന്റെ മൊഴിമുത്തുകളിൽ 4 എണ്ണം എഴുതുക.
15. ജീവചരിത്രം പൂർത്തിയാക്കുക.

    മരമണ്ടനെന്ന് കരുതിയ ചിലരെയും ദൈവം വിശുദ്ധപദവിയിൽ എത്തിച്ചിട്ടുണ്ട്. അവരിൽ പ്രമുഖനാണ് ................ . 1786.................-ാം തിയതിയാണ് ജനനം. ഒരു വൈദികനാകണമെന്ന മോഹം അവനിൽ വളർന്നു വന്നു. 1815............-ാം തിയതി പൗരോഹിത്യം സ്വീകരിച്ച അദ്ദേഹത്തെ............. വികാരിയായി നിയമിച്ചു. അന്ധകാരം നിറഞ്ഞ ആ നാട്ടിൽ വെള്ളി വെളിച്ചം പ്രസരിപ്പിക്കാൻ അദ്ദേഹം ഉപയോഗിച്ച രണ്ട് ഉപാധികളായിരുന്നു.................. ................ നാളുകൾ കടന്നുപോകവേ.............. എന്ന് അദ്ദേഹം അറിയപ്പെട്ടു. തിരുനാൾ ദിനം..................

**നമസ്കാരങ്ങൾ**

16. സുവിശേഷ ഭാഗ്യങ്ങൾ ഏതെല്ലാം? **2**
17. സ്നേഹപ്രകരണം എഴുതുക. **2**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക.)

18. വി. കുർബാന സ്വീകരണം ബലിയർപ്പണത്തിന്റെ, വി.കുർബാനാനുഭവത്തിന്റെ പൂർണ്ണതയ്ക്ക് അവശ്യഘടകമാണോ? എങ്കിൽ തക്ക ഒരുക്കത്തോടെ വി. കുർബാന സ്വീകരിക്കാൻ നാം ഒരുങ്ങേണ്ടതെങ്ങനെ?
19. ക്രൈസ്തവജീവിതത്തിൽ കൂദാശകളുടെ സ്ഥാനം എന്ത്? മാമ്മോദീസാവഴി കത്തോലിക്കാ വിശ്വാസികളായി ത്തീർന്ന നമുക്ക് കൂദാശകളുടെ സ്വീകരണത്തിൽ ഉണ്ടായിരിക്കേണ്ട മനോഭാവം എന്ത്?
20. സീറോ മലബാർ സഭയുടെ റാസക്രമത്തിലെ ഒരു കർമ്മമാണ് സ്ലീവാചുംബനം. ഇത് നൽകുന്ന സൂചന എന്ത്? ഇതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകളുടെ സാരാംശം വ്യക്തമാക്കി നിങ്ങളുടെ ജീവിതത്തിൽ കുരിശെന്ന പ്രതീകത്തിന്റെ സ്ഥാനമെന്തെന്ന് വ്യക്തമാക്കുക.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. വി. കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമാണ്. അത് ജീവിതത്തിൽ തുടരുന്ന ഒരു യാഥാർത്ഥ്യമായിത്തീരണം. 'വി. കുർബാന പരമോന്നത ആരാധന' എന്ന പാഠത്തെ വിലയിരുത്തി ഉപന്യസിക്കുക.
22. ആത്മാവ് നഷ്ടമായ ആരാധന ദൈവത്തിനു സ്വീകാര്യമാവില്ല. ക്രൈസ്തവാരാധനയുടെ മഹത്വം, സഭ യഥാർത്ഥ ആരാധാനാ സമൂഹം - ഇവ ''ദൈവാരാധന'' എന്ന പാഠത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

**പൊതുചോദ്യം. (ഏതെങ്കിലും ഒരെണ്ണം)** **5**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക**

23. നമ്മളെല്ലാവരും പ്രാർത്ഥിക്കുന്നവരാണ്. വി. കുർബാനയിൽ പങ്കെടുത്തും, കുടുംബപ്രാർത്ഥന ചൊല്ലിയും, വ്യക്തിപരമായി പ്രാർത്ഥിച്ചും നമ്മൾ സമയം ചെലവഴിക്കാറുണ്ട്. പ്രാർത്ഥന എന്നാൽ എന്താണ്? എന്തിനു വേണ്ടിയാണ് നമ്മൾ പ്രാർത്ഥിക്കുന്നത്? നിങ്ങളുടെ പ്രാർത്ഥനാനുഭവങ്ങൾ വിവരിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.
24. ''പൂർണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക; നൊന്തു പെറ്റ അമ്മയെ മറക്കരുത്.'' (പ്രഭാഷകൻ 7/27). പ്രായമായ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലേക്കു പറഞ്ഞു വിട്ട് സ്വന്തം കാര്യം നോക്കി നടക്കുന്ന മക്കളുള്ള ഈ കാലഘട്ടത്തിൽ മുകളിൽ പറഞ്ഞ വചനത്തിന്റെ പ്രസക്തിയെന്ത്? വൃദ്ധരായ മാതാപിതാക്കളെ സ്നേഹിക്കേണ്ടതിന്റേയും സംരക്ഷിക്കേണ്ടതിന്റേയും ആവശ്യകത വ്യക്തമാക്കിക്കൊണ്ട് ഉപന്യാസം തയ്യാറാക്കുക.

25. **ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

    കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

01 - 11 - 2015 | മാർക്ക് – 50

10.30 am - 12.30 pm | **STD - IX** | സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. വാക്കുകൾ 2/19
2. നിക്ഷേപാലയം 3/24
3. LK. 2/25 ശിമയോൻ
4. വി. അംബ്രോസ് – വിശുദ്ധരെ അറിയാൻ 1/7
5. ''കർത്താവേ അങ്ങേയ്ക്കു സ്തുതി.''(Laudato Si) – സത്യദീപം 2015 ജൂലൈ 16–22

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

6. ഹോസിയ 1/13
7. അബിയായുടെ LK. 1/5
8. വി. ജോൺ വിയാനി – വി. അറിയാൻ 2/15
9. വി. അമ്മത്രേസ്യാ – സത്യദീപം 2015 ജൂലൈ 9–15

**ദൈവവചനം എഴുതുക** **3**

10. 4/37 – 1 കൊറി. 11:27. ''ആരെങ്കിലും അയോഗ്യതയോടെ..........................
11. LK. 6/45 ''നല്ല മനുഷ്യൻ...................

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

12. 8/69
13. 6/50

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

14. വി. അറിയാൻ 1/13
15. വി. അറിയാൻ 2/15–24

**നമസ്കാരങ്ങൾ**

16. നമസ്കാരങ്ങൾ – 20/14 **2**
17. നമസ്കാരങ്ങൾ – 16/12 **2**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക.)

18. 7/58–59
19. 9/73
20. 5/41

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. 4/34–36
22. 1/12–15

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

23. പൊതുചോദ്യം.
24. പൊതുചോദ്യം.

25. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** | **മാർക്ക് – 50**

**10.30 am - 12.30 pm** | **STD - IX** | **സമയം – 2 മണിക്കൂർ**

*നിർദ്ദേശങ്ങൾ: ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. വി. കുർബാനയുടെ കേന്ദ്രഭാഗം ഏത്?
2. ഭൗമിക ജറുസലേമിന്റെ പ്രതീകം എന്ത്?
3. സ്നാപക യോഹന്നാന്റെ പിതാവ്?
4. ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗതന്മാരുടെ വേദപാരംഗതനും എന്നറിയപ്പെടുന്ന വിശുദ്ധൻ?
5. തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്ത?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**


6. നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമായ ദൈവീക വെളിപാടിന്റെ ഉറവിടമായി നിലകൊള്ളുന്നത്?
(കൂദാശകൾ, ദൈവവചനം, ക്രൈസ്തവജീവിതം)
7. 'കർത്താവേ, എന്നിൽ നിന്നകന്നു പോകണമേ. ഞാൻ പാപിയാണ്' എന്നു ഏറ്റു പറഞ്ഞത്?
(ശിമയോൻ പത്രോസ്, യാക്കോബ്, യോഹന്നാൻ)
8. കുമ്പസാരവും പ്രസംഗവും വഴി ആഴ്സിൽ വെള്ളി വെളിച്ചം പ്രചരിപ്പിച്ചത് ആര്?
(വി അഗസ്റ്റിൻ, വി. ജോൺ മരിയ വിയാനി, വി. മാർട്ടിൻ)
9. മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച മാർപ്പാപ്പ.
(10-ാം പീയൂസ് പാപ്പ, 12-ാം പീയൂസ് പാപ്പ, 11-ാം പീയൂസ് പാപ്പ)

**ദൈവവചനം എഴുതുക** **3**

10. റോമ 12:1 – ''നിങ്ങളുടെ ശരീരങ്ങളെ ....................................................
....................................................................................................
11. ലൂക്കാ 6:22 – ''മനുഷ്യപുത്രൻ നിമിത്തം.............................................
....................................................................................................


**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

12. കൂദാശകളെപ്പറ്റി സഭാപിതാക്കന്മാർ പറയുന്നത്?
13. വി. കുർബ്ബാനയുടെ പ്രധാന ഭാഗങ്ങൾ എഴുതി ഫ്ളോചാർട്ട് നിർമ്മിക്കുക



**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

14. വി. ജോൺ മരിയ വിയാനിയുടെ സന്ദേശവും പുണ്യവചനവും എഴുതുക.
15. സഭാപിതാക്കന്മാരിൽ തിളങ്ങി നിൽക്കേണ്ട ലക്ഷണങ്ങൾ എഴുതി പദസൂര്യൻ പൂർത്തിയാക്കുക.




**നമസ്ക്കാരങ്ങൾ**

16. കുമ്പസാരത്തിനുള്ള ജപം എഴുതുക. **2**
17. സത്യസഭയുടെ പ്രധാന ലക്ഷണങ്ങൾ ഏവ? **2**

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **5**

**(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക)**

18. ദൈവാരാധനയിൽ അടയാളങ്ങളുടേയും പ്രതീകങ്ങളുടേയും പ്രാധാന്യമെന്ത്? അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ സഹായിക്കുന്ന മാധ്യമങ്ങളായി അടയാളങ്ങളും പ്രതീകങ്ങളും നിലകൊള്ളുമ്പോൾ അൾത്താരയിൽ നിന്നകന്ന് പള്ളിയുടെ വരാന്തയിലും പുറത്തുമായിനിന്ന് വി. കുർബാനയിൽ പങ്കുകൊള്ളുമ്പോൾ ഈ ദൈവാനുഭവം സാധ്യമാകുമോ? വിലയിരുത്തുക.
19. വി. കുർബാനയിൽ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയുടെ പ്രാധാന്യം, അതു ചൊല്ലുമ്പോൾ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം ഇവ വ്യക്തമാക്കുക.
20. വി. കുർബാനയുടെ ഫലങ്ങൾ എന്തെല്ലാം? ആഘോഷങ്ങളുടേയും ജോലിയുടേയും കോച്ചിംഗിന്റേയും മറ്റും പേരിൽ വി. കുർബ്ബാന മുടക്കുന്ന ഇന്നത്തെ പ്രവണത തെറ്റോ ശരിയോ? നിങ്ങൾക്കു ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ നിങ്ങളുടെ തീരുമാനങ്ങൾ എഴുതുക.

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. 'കൂദാശ' എന്ന വാക്കുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്ത്? കൂദാശകളിലൂടെ ദൈവം എപ്രകാരമാണ് നിങ്ങളുടെ ജീവിതത്തിൽ ഇടപെടുന്നതെന്ന് 9-ാം അധ്യായത്തിൽനിന്നും ലഭിച്ച ഉൾക്കാഴ്ചകളുടെ അടിസ്ഥാനത്തിൽ വ്യക്തിപരമായ അനുഭവങ്ങൾ ഉൾച്ചേർത്ത് എഴുതുക.
22. ദൈവവചനത്തിന്റെ പ്രാധാന്യവും ക്രൈസ്തവജീവിതത്തിൽ ദൈവവചനത്തിനുള്ള സ്ഥാനവും ''ദൈവവചനവും ക്രൈസ്തവജീവിതവും'' എന്ന പാഠത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക.

**പൊതുചോദ്യം (ഏതെങ്കിലും ഒരെണ്ണം)**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.** **5**

23. ടി.വി.യും ഇന്റർനെറ്റും, മൊബൈൽ ഫോണുമെല്ലാം കൗമാരക്കാരായ നിങ്ങളുടെ കൈവിരൽ തുമ്പിലാണ്. എല്ലാ മാധ്യമങ്ങളും നല്ല ലക്ഷ്യത്തോടെയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പക്ഷെ ഓരോ ദിവസവും മാധ്യമങ്ങളുടെ ദുരുപയോഗം മൂലം നശിക്കുന്ന കൗമാരക്കാരുടെ എണ്ണം വർദ്ധിക്കുകയാണ്. മാധ്യമങ്ങളെ എപ്രകാരം നന്നായി ഉപയോഗിക്കാമെന്ന് വിവരിച്ചുകൊണ്ട് നിങ്ങളുടെ സൺഡെ സ്കൂൾ മാഗസിനുവേണ്ടി ഒരു ഉപന്യാസം തയ്യാറാക്കുക.
24. ആരെങ്കിലുമൊരാൾ നിങ്ങളോട് പത്തുമിനിറ്റു നേരം പ്രാർത്ഥിക്കാൻ പറയുകയാണെങ്കിൽ ഈ പത്തുമിനിറ്റ് പ്രാർത്ഥനയിൽ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തും? പ്രാർത്ഥന തയ്യാറാക്കുക.

25. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്) ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്‌കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

2 - 11 - 2014 മാർക്ക് – 50

10.30 am - 12.30 pm **STD - IX** സമയം – 2 മണിക്കൂർ

### ഉത്തരസൂചിക

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതി യാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. അനാഫൊറ – 6/50
2. ബേമ്മ – 3/25
3. സഖറിയ – ലൂക്ക 3/2
4. വി. അഗസ്റ്റിൻ – വിശുദ്ധരെ അറിയാൻ 1/12
5. മാർ ജോർജ്ജ് ഞറളക്കാട്ട് – സത്യദീപം – സെപ്തംബർ 4–10/2014

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

6. ദൈവവചനം – 8/63
7. ശിമയോൻ പത്രോസ് – ലൂക്കാ 5/8
8. വി. ജോൺ മരിയ വിയാനി – വിശുദ്ധരെ അറിയാൻ 2/20
9. 12–ാം പീയൂസ് മാർപ്പാപ്പ – സത്യദീപം ആഗസ്റ്റ് 7–13/2014

**ദൈവവചനം എഴുതുക** **3**

10. 1/16 – ''നിങ്ങളുടെ ശരീരങ്ങളെ.......... റോമ 12:1
11. ലൂക്കാ 6/22 ''മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിക്കുകയും പുറന്തള്ളുകയും, അവഹേളിക്കുകയും നിങ്ങളുടെ പേര് ദുഷിച്ചതായി കരുതി തിരസ്ക്കരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ''

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

12. 9/75
13. 4/36

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

14. വിശുദ്ധരെ അറിയാൻ – 2/24
15. വിശുദ്ധരെ അറിയാൻ – 1/12

**നമസ്ക്കാരങ്ങൾ**

16. നമസ്ക്കാരങ്ങൾ – 6/6 **2**
17. നമസ്ക്കാരങ്ങൾ – 21/14 **2**

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **5**

18. 2/21
19. 5/40
20. 7/60

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. 9/70-74
22. 8/63-65

**പൊതുചോദ്യം (ഏതെങ്കിലും ഒരെണ്ണം)** **5**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.**

23. പൊതുചോദ്യം.
24. പൊതുചോദ്യം.

**25. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 28 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്സ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 28 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**10 - 11 - 2013** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

# STD - IX

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. ശുദ്ധതയുടെയും ശുശ്രൂഷയുടെയും പ്രതീകമായി പുരോഹിതൻ ധരിക്കുന്ന തിരുവസ്ത്രം?
2. യേശു തന്റെ ദൗത്യം ആരംഭിക്കുന്നത് എവിടെയാണ്?
3. വൈദീകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ ആര്?
4. ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിലിന്റെ മുദ്രാവാക്യം?

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **4**


5. ഇസ്രായേൽക്കാരുടെ മതാത്മകജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ.
   (സ്ലോസകൾ, ഉത്ഥാനഗീതം, സങ്കീർത്തനങ്ങൾ)
6. കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയത്?
   (ആട്ടിടയന്മാർക്ക്, സഖറിയായ്ക്ക്, ശിമയോന്)
7. വി. അഗസ്റ്റിനെ മാനസാന്തരപ്പെടുത്തിയ ദൈവവചനഭാഗം ഏത്?
   (റോമ 13:13-14, റോമ 10:10-13, റോമ 12:13-14)
8. ഫ്രാൻസിസ് പാപ്പാ മാർപ്പാപ്പയാകുന്നതിനുമുമ്പ് ആർച്ചുബിഷപ്പ് ആയിരുന്നത് എവിടെ?
   (റിയോ ഡി ജനീറോ, ബ്യൂണസ് അയേഴ്സ്, ബ്രസീൽ)

**ദൈവവചനം എഴുതുക** **3**

9. ഹെബ്രായർ 10:10 (അവന്റെ ഇഷ്ടമനുസരിച്ച്.................
10. ലൂക്കാ 6/31 (മറ്റുള്ളവർ നിങ്ങളോട്..................

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

11. ഈശോ അടിസ്ഥാന കൂദാശയാണ്. എങ്ങനെ?
12. ഏതിലെല്ലാം പങ്കുചേർന്നുകൊണ്ടാണ് സഭ ഇന്ന് പുതിയ നിയമത്തിലെ യഥാർത്ഥ ആരാധനാ സമൂഹമായി ത്തീരുന്നത്? താഴെ തന്നിരിക്കുന്ന ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.



**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2**

13. തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.
    a. ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗതന്മാരുടെ വേദപാരംഗതനുമാണ് വി. അഗസ്റ്റിൻ.
    b. 'മണ്ണായിത്തീരുന്നത് നമ്മുടെ ശരീരമാണ്. മരിക്കാത്ത ആത്മാവ് സ്വർഗത്തിലേയ്ക്കുയരും.' – വി. ജോൺ വിയാനിയുടെ സന്ദേശം.
    c. വി. അഗസ്റ്റിന്റെ തിരുന്നാൾ ദിനം – ജൂലൈ 28
    d. 'ദൈവം കൂടെയുള്ളവൻ മൈനസ് – ദൈവത്തെ കൂടാതെ കഴിയുന്നവൻ പ്ലസ്. എല്ലാവരും പ്ലസിനേക്കാൾ മൈനസല്ലെ ഇഷ്ടപ്പെടുന്നത്.' വി. ജോൺ മരിയ വിയാനിയുടെ വാക്കുകൾ
14. വി. അഗസ്റ്റിന്റെ പുണ്യവചനം എഴുതുക.

**നമസ്കാരങ്ങൾ**

15. കൂദാശകൾ എത്ര? ഏതെല്ലാം? **2**
16. വിശ്വാസപ്രകരണം എഴുതുക. **2**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **6**

***(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക.)***

17. ദൈവവചനം ജീവിതസ്പർശിയാകാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവയെന്നും ദൈവവചനത്തിന് നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിലുള്ള സ്ഥാനമെന്തെന്നും വിവരിക്കുക.
18. വി.കുർബ്ബാന സ്വീകരണത്തിനു ഒരുക്കമായി നാം ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെ? വി.കുർബ്ബാന നിങ്ങൾക്ക് ഒരനുഭവമായി മാറുന്നുണ്ടോ? എങ്ങനെ? വിവരിക്കുക.
19. വി. കുർബ്ബാന എങ്ങനെയാണ് നിങ്ങളുടെ ജീവിതത്തിലൂടെ തുടരുന്നത്? ഏതാനും ഉദാഹരണങ്ങളിലൂടെ വിശദമാക്കുക.

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. പഴയനിയമ ആരാധനയിൽ നിന്ന് ഈശോ പഠിപ്പിച്ച പുതിയനിയമ ആരാധനയ്ക്കുള്ള വ്യത്യാസമെന്ത്? ഇന്ന് സഭ എങ്ങനെയാണ് യഥാർത്ഥ ആരാധനാ സമൂഹമായി മാറുന്നത്? വിവരിക്കുക. (അധ്യായം 1)
21. ദൈവാരാധനയിൽ അടയാളങ്ങളും പ്രതീകങ്ങളും അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന മാധ്യമങ്ങളായി നിലകൊള്ളുന്നു. പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക. (അധ്യായം 2)

**പൊതുചോദ്യം**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

22. എന്താണ് യഥാർത്ഥമായ പ്രാർത്ഥന? 'നന്ദിപറയൽ' ആണെന്നു പറഞ്ഞപ്പോൾ നിങ്ങളുടെ പ്രായമുള്ള ഒരു കുട്ടി പറഞ്ഞത് 'അതിന് എനിക്ക് ഇതുവരെയും ദൈവം പ്രത്യേകിച്ചൊന്നും നൽകിയിട്ടില്ലല്ലോ; നന്ദിപറയാൻ!' എന്നാണ്. 'നിന്റെ അനുഗ്രഹങ്ങളെ എണ്ണുക' എന്നൊരു ചൊല്ലുണ്ട്. ജനിക്കാൻ ദൈവം അനുവാദം നൽകിയതു മുതൽ ഈ നിമിഷം വരെ എന്തുമാത്രം അനുഗ്രഹങ്ങൾ! ദൈവപരിപാലനയുടെ വഴികളെക്കുറിച്ച്, എനിക്കുണ്ടായിരിക്കേണ്ട ബോധ്യങ്ങളെക്കുറിച്ച് ധ്യാനാത്മകമായി വിവരിക്കുക.
23. പ്രായഭേദമില്ലാതെ ലൈംഗികചൂഷണത്തിനും പീഡനത്തിനും ഇരയാക്കപ്പെടുന്നവരുടെ വാർത്തകൾക്കു നടുവിലാണ് നാമിപ്പോൾ. അതിന് മുതിരുന്നവരുടെ കാര്യത്തിലും ഇപ്പോൾ പ്രായഭേദമില്ലാതായിരിക്കുന്നു. സ്ത്രീ പുരുഷന്മാരോടുള്ള സമീപനത്തിലെ ക്രിസ്തീയ കാഴ്ചപ്പാട് എന്താണ്? വസ്ത്രധാരണത്തിലും ബന്ധങ്ങളിലും കൗമാരപ്രായക്കാരായ നിങ്ങൾ എടുക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം? വിവരിക്കുക.

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013

10.30 am - 12.30 pm

**STD - IX**

**ഉത്തരസൂചിക**

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. അരക്കെട്ട് (സൂനാറ) 3/27
2. ഗലീലിയിൽ ലൂക്ക 4/14
3. വി. ജോൺ മരിയ വിയാനി വിശുദ്ധരെ അറിയാൻ 2/15
4. അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക
   സത്യദീപം, സെപ്റ്റംബർ 25

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

5. സങ്കീർത്തനങ്ങൾ 5/41
6. ശിമയോന് ലൂക്ക 2/26
7. റോമ 13:13-14 വിശുദ്ധരെ അറിയാൻ 1/8
8. ബ്യൂണസ് അയേഴ്സ് സത്യദീപം, ജൂൺ 5

**ദൈവവചനം എഴുതുക** **3**

9. 6/54 അവന്റെ ഇഷ്ടമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേയ്ക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.
10. ലൂക്ക. 6/31 ''മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ.''

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം മാത്രം)** **2**

11. 9/70-71
12. 1/14

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം മാത്രം)** **2**

13. a. ശരി
    b. ശരി
    c. തെറ്റ് – ആഗസറ്റ് 28, വിശുദ്ധരെ അറിയാൻ 1/14
    d. തെറ്റ് – ദൈവംകൂടെയുള്ളവൻ പ്ലസ്, ദൈവത്തെ കൂടാതെ കഴിയുന്നവർ മൈനസ്, മൈനസിനേക്കാൾ പ്ലസല്ലേ എല്ലാവരും ഇഷ്ടപ്പെടുന്നത്. വിശുദ്ധരെ അറിയാൻ 2/20
14. വിശുദ്ധരെ അറിയാൻ 1/14

**നമസ്കാരങ്ങൾ**

15. നമസ്കാരങ്ങൾ 11 **2**
16. നമസ്കാരങ്ങൾ 14 **2**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **6**

17. 8/68
18. 7/58
19. 4/36

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. 1/9-14
21. 2/17-21

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

22. പൊതുചോദ്യം
23. പൊതുചോദ്യം

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് $30+8 = \frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

**STD IX**

മാർക്ക് : 50
10.30 am - 12.30 pm

### PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ഇസ്രായേലിന്റെ ആരാധനാസ്ഥലം
2. ദൈവാരാധനയിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളം?
3. കൃപാവരത്തിന്റെ ചാലുകൾ
4. 'ലിറ്റർജി' എന്ന വാക്കിന്റെ ഗ്രീക്കുപദം
5. 'ബേസ് ഗസ' എന്ന വാക്കിന്റെ അർത്ഥം

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ക്രൈസ്തവ ജീവിതത്തിന്റെ ശക്തികേന്ദ്രം
(വി.കുർബാന, കൂദാശകൾ, ദൈവവചനം)
7. നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമായ ദൈവിക വെളിപാടിന്റെ ഉറവിടം
(ദൈവവചനം, ദൈവാരാധന, കത്തോലിക്കാ തിരുസഭ)
8. ഇസ്രായേലിന് അടിമത്തത്തിൽ നിന്ന് മോചനം നൽകിയത്
(ഒരു ആരാധനാസമൂഹമാകാൻ, പെസഹാ ആചരിക്കാൻ, ദൈവത്തെ സ്നേഹിക്കാൻ)
9. ഇസ്രായേലിന്റെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ
(ഉത്ഥാനഗീതം, സങ്കീർത്തനങ്ങൾ, സ്തുതിപ്പുകൾ)
10. വി.കുർബാനയുടെ കേന്ദ്രഭാഗം
(വിഭജന ശുശ്രൂഷ, അനാഫൊറ, ദൈവൈക്യ ശുശ്രൂഷ)

**ദൈവചനം എഴുതുക. (ഏതെങ്കിലും ഒരെണ്ണം)** 3

11. യോഹ 7/37-39 ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ.....
12. മർക്കോ 16/15 നിങ്ങൾ ലോകമെങ്ങും പോയി.....

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക** 4

13. ദൈവവചന ശ്രവണത്തെപ്പറ്റിയുള്ള ജോൺപോൾ മാർപാപ്പയുടെ വാക്കുകൾ.
14. 'സഭ' പുതിയ നിയമത്തിലെ യഥാർത്ഥ ആരാധനാസമൂഹമായിത്തീരുന്നതെങ്ങനെ?

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** 7½

15. വി.കുർബാനയുടെ റാസക്രമത്തിലെ സ്ലീവാചുംബനത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനയുടെ സാരാംശം എന്ത്?
16. ബലിവേദി അഥവാ മദ്ബഹ - വിശദമാക്കുക.
17. വചനം ജീവിതസ്പർശിയാകുവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
18. വി.കുർബാനയുടെ ഫലങ്ങൾ

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 5

19. കൂദാശകൾക്ക് ക്രൈസ്തവ ജീവിതത്തിലുള്ള പ്രാധാന്യമെന്തെന്ന് കൂദാശകളും ക്രൈസ്തവജീവിതവും എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

### PART - B

20. നിയമം നൽകപ്പെട്ടത് ആരുവഴിയാണ്? 1
21. യേശു തന്റെ മഹത്വം വെളിപ്പെടുത്താൻ പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭം ഏത്? 1
22. യേശു പറഞ്ഞു നീ ഇസ്രായേലിലെ ഗുരുവല്ലേ? എന്നിട്ടും ഇക്കാര്യമെന്നും മനസിലാകുന്നില്ലേ? ആരോടാണ് പറഞ്ഞത്? 1
23. യാക്കോബിന്റെ കിണർ സ്ഥിതി ചെയ്യുന്ന സ്ഥലം ഏത്? 1
24. ഈ വർഷം നാം ജന്മശതാബ്ദി ആഘോഷിക്കുന്ന സീറോമലബാർ സഭയുടെ മാർഗ്ഗദർശിയായ കർദ്ദിനാൾ? 1
25. സീറോ മലബാർ സഭയിൽ 2011 ആഗസ്റ്റ് 15-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ട വർഷാചരണം ഏത്? 1
26. വി.അഗസ്റ്റിന്റെ അമ്മ. 1
27. വൈദികരുടെ സ്വർഗീയ മദ്ധ്യസ്ഥൻ 1
28. വി.അഗസ്റ്റിന്റെ സന്ദേശം എഴുതുക. 1½
29. അന്ധകാരം നിറഞ്ഞ ആഴ്സിൽ വെളിച്ചം പ്രസരിപ്പിക്കാൻ വിയാനിയച്ചൻ സ്വീകരിച്ച മാർഗങ്ങൾ ഏതെല്ലാം? 1½
30. 'പരിശുദ്ധരാജ്ഞി' എന്ന ജപം എഴുതുക 3
31. ത്രിത്വസ്തുതി എഴുതുക. 1½
32. **രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** **5**
ധാർമ്മിക മൂല്യങ്ങൾ തകിടം മറിയുന്ന ഈ കാലഘട്ടത്തിൽ സുവിശേഷ മൂല്യങ്ങൾക്കധിഷ്ഠിതമായി വ്യക്തിജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും ആദരവിന്റെ സംസ്കാരം ((Respect Culture)) എപ്രകാരം വളർത്തിയെടുക്കാം? വിശദമാക്കുക.
33. **ഇന്റേണൽ അസെസ്സ്മെന്റ്** 5
ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമുഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.